കുട്ടികളും പഠനം നിർത്തി, ഇത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് എൽ.പി. സ്ക്കൂളുകളും യു. പി. സ്ക്കൂളുകളാക്കി ഉയർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഊർങ്ങാട്ടിരി പഞ്ചായത്തിലെ തെഞ്ചേരി സ്ക്കൂളും, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ തോട്ടുപൊയ്ലി സ്ക്കൂളും, ചീക്കോട് പഞ്ചായത്തിലെ വാഴോട്, പുൽപ്പറ പഞ്ചായത്തിലെ പുക്കുളത്തൂർ, കുഴിമണ്ണ, അരീക്കോട് പഞ്ചായത്തിലെ പുത്തലം തുടങ്ങിയ എൽ. പി. സർക്കാർ സ്ക്കൂളുകളും യു. പി. സ്ക്കൂളാക്കി ഉയർത്തണമെന്നും അതുപോലെ രണ്ടു-മൂന്ന് ഹൈസ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കുകയും വേണം. അതിനടുത്തൊന്നും വേറെ ഗവൺമെൻറ് ഹൈസ്ക്കൂളുകളില്ല. പാവപ്പെട്ട വിദ്യാർത്ഥികൾ എവിടെപ്പോകും? ഒരു ഹൈസ്കൂൾ അടുത്തുണ്ട്. പക്ഷേ അവിടെ പഠിക്കാനുള്ള അംഗീകാരം മാത്രമേ ചെയ്തിട്ടുള്ളൂ. ബിൽഡിംഗ് ചോദിക്കുന്നില്ല, ശമ്പളം ചോദിക്കുന്നില്ല, അംഗീകാരം കൊടുക്കാൻ അങ്ങ് എന്തിനാണ് മറ്റുള്ളവരെ പേടിക്കുന്നത്? സി. എച്ച്. മുഹമ്മദ്കോയ സാഹിബ്ബിന്റെ പിൻഗാമിയാണ് അങ്ങ്. ഇന്ത്യക്ക് അഭിമാനമുണ്ടാക്കിയ എഡ്യൂസാറ്റ് ആദ്യമായി കേരളത്തിൽ സംപ്രേഷണ ചെയ്ത, എന്നും വിദ്യാഭ്യാസ രംഗത്ത് വെളിനക്ഷത്രം പോലെ പ്രകാശം ചൊരിയുന്ന ഒരു മന്ത്രിയാണ് അങ്ങെന്ന് ഓർക്കണം. അങ്ങ് ഞങ്ങളുടെ അഭിമാനമാണ്. ഈ സ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കണം, എൽ. പി. സ്ക്കൂളുകൾ യു. പി. സ്ക്കൂളുകളാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, മഞ്ചേരി സബ് ജില്ലയിൽ 106-ഉം കോഴിക്കോട് സബ് ജില്ലയിൽ 53-ഉം അരീക്കോട് സബ് ജില്ലയിൽ 63-ഉം സ്ക്കൂളുകളാണുള്ളത്. അപ്ഗ്രേഡ് ചെയ്യാൻ വേണ്ടി ഗവൺമെൻറ് സ്ക്കൂളുകളിൽ നിന്ന് പ്രൊപ്പോസൽ വന്നത് കുഴിമണ്ണ, തോട്ടുപൊയിൽ, തഞ്ചേരി, തേവരപ്പറമ്പ്, കൂട്ടശ്ശേരി, ചമ്പക്കാട്ടൂർ, വെട്ടിക്കാട്, മാമ്പുഴ, പൂക്കുറ്റി, പാണ്ടിക്കാട്, വെട്ടിക്കാട്ടിരി, കരിമ്പം, ആനക്കയം, കടുങ്ങല്ലൂർ, മുതുവല്ലൂർ, വെറ്റിലപ്പാറ, തൂവക്കാട്, പെരികമണ്ണ എന്നിവിടങ്ങളിൽ നിന്നാണ്. ഗവൺമെൻറ് സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് തീർച്ചയായും ബഹുമാനപ്പെട്ട എം. എൽ. എ. പറഞ്ഞ കാര്യത്തിന് മുൻഗണന കൊടുക്കുന്നതാണെന്ന് അറിയിക്കുകയാണ്. എഡ്യൂസാറ്റിനെക്കുറിച്ച് പറഞ്ഞു. എഡ്യൂസാറ്റ് ശരിക്കും ഡയറക്ടിലാണ് എല്ലാ സ്ഥലത്തും സെൻറർ കൊടുത്തത്. ഡയറക്ട് മലപ്പുറം ജില്ലയിൽ എന്റെ മണ്ഡലത്തിലാണ്. പക്ഷേ അദ്ദേഹം കാണിക്കുന്ന ഉൽസാഹം കണക്കിലെടുത്തുകൊണ്ട് മഞ്ചേരിയിലാണ്, എഡ്യൂസാറ്റിന്റെ മലപ്പുറം ജില്ലയിലെ സെൻറർ കൊടുത്തത്. അദ്ദേഹത്തിന്റെ നന്മ വിചാരിച്ചാണ്. ഈ കാര്യങ്ങളും അനുകൂലമായി പരിഗണിക്കുന്നതാണ്.

(14) സഹകരണ അക്കാഡമിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് നിരക്ക്

ശ്രീ. കെ. പി. മോഹനൻ: സർ, വളരെ genuine ആയ ഒരു സബ് മിഷനാണിത്. മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ കോളേജുകളിലുള്ള ഫീസല്ല ഈടാക്കുന്നത്. സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

അക്കാഡമിയുടെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2003 04 അദ്ധ്യയന വർഷത്തിൽ മെറിറ്റ് സീറ്റുകളിൽ പ്രവേശനം നടിയ വിദ്യാർത്ഥികളിൽ നിന്നും കൂടുതൽ ഫീസാണ് ഈടാക്കുന്നത്. അതേസമയം 2002-ലും 2004-ലും 2005-ലും അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ ഫീസാണ് ഈടാക്കുന്നത്. 2003-2004 വർഷം മാത്രം അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽനിന്നും കൂടുതൽ ഫീസ് ഈടാക്കുന്നത് എന്തായാലും സർക്കാരിന്റെ മനസ്സ് പ്രവർത്തനങ്ങൾക്ക് യോജിച്ചതല്ല. അതുകൊണ്ട് ഇത് പിൻവലിച്ചു കൊണ്ട് ഇവരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. 2003.04 വിദ്യാഭ്യാസ വർഷത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ ഫീസ് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുണ്ട്. ആ ഉത്തരവനുസരിച്ച് ഗവൺമെന്റ് പറഞ്ഞത്, ഫീസ് വാങ്ങിയിട്ടില്ല. 60,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾ, സർക്കാർ കോട്ട സീറ്റിൽ പ്രവേശനം ലഭിച്ചവർക്ക് 18,000 രൂപ മാത്രമേ വാങ്ങിച്ചിട്ടുള്ളൂ. അതുതന്നെ കുറച്ചാണ് വാങ്ങിയത്. ഇപ്പോൾ രണ്ടുകൊല്ലം ഫീസ് ഒഴിവാക്കി. രണ്ടുകൊല്ലം ഒഴിവാക്കിയതിന്റെ കണക്കാണെങ്കിൽ 18,000 കോടി രൂപയുടെ നഷ്ടമാണ്. എഞ്ചിനീയറിംഗ് കോളേജിന് പുതിയ കെട്ടിടങ്ങൾ എടുത്തിരിക്കുകയാണ്. അതിന്റെ കടം വേറെയുണ്ട്. ഇത് പൂട്ടേണ്ടി വരും. അതുകൊണ്ട് ഒരു സഹതാപത്തിനും അർഹതയില്ല. രണ്ടു കൊല്ലം കുറച്ചുകൊടുത്തു. അല്ലാതെ വേറെ മാർഗ്ഗമില്ല.

(15) കോഴിക്കോട് നഗരത്തിലെ മോഡൽ റോഡ് പദ്ധതിയും ഡ്രീം സിറ്റി പ്രോജക്ടും

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് നഗരത്തിൽ ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ള രണ്ടു പ്രധാനപ്പെട്ട പദ്ധതികളാണ് മോഡൽ റോഡും ഡ്രീം സിറ്റി പ്രോജക്ടും. മോഡൽ റോഡിന്റെ പ്രവൃത്തി ഏതാണ്ട് 90 ശതമാനം പൂർത്തിയാക്കിയ സന്ദർഭത്തിലാണ് കടൽക്ഷോഭം വന്നത്. കടൽക്ഷോഭം വന്നതുകൊണ്ട് ആ പ്രവൃത്തി പൂർണ്ണമായും നിർത്തിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. അതിനെക്കുറിച്ച് ഒരു സ്റ്റഡി നടത്താമെന്ന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രിയും ഇറിഗേഷൻ വകുപ്പുമന്ത്രിയും കൂടി ആലോചിച്ചശേഷമാണ് ചില തീരുമാനങ്ങൾ കൈക്കൊണ്ടത്. ഇപ്പോൾ അത് പൂർണ്ണമായും സ്തംഭിച്ച അവസ്ഥയിലാണ്. ഇപ്പോൾ കടൽഭിത്തി കെട്ടിയതിനുശേഷം മാത്രമേ ഇത് നടത്താൻ പറ്റൂ എന്നുള്ള ഒരവസ്ഥയുണ്ട്. അതുകൊണ്ട് കടൽഭിത്തി കെട്ടാനുള്ള സൗകര്യങ്ങൾകൂടി ഈ ഗവൺമെന്റ് ചെയ്യണം. അതിന് വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ ആവശ്യമാണ്. അതുപോലെ തന്നെ Dream City Project എത്രയോ വർഷങ്ങളായി കോഴിക്കോട്ടുകാർ സ്വപ്നം കാണുന്ന ഒരു പദ്ധതിയാണ്. അതിന് റവന്യൂവിനോയും വാട്ടർ അതോറിറ്റിയുടേയും കൈവശമുള്ള സ്ഥലം ലഭിച്ചാൽ മാത്രമേ ആ പ്രോജക്ട് തുടങ്ങാൻ സാധിക്കുകയുള്ളൂ. അത് കഴിയുന്നതും വേഗം തുടങ്ങുവാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനും അതുപോലെ തന്നെ ഈ Dream City Project വിഭാവനം ചെയ്ത സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly